# അമേരിക്കൻ കഥകൾ

## മിനികഥകൾ ആറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, മണലാരിണ്യത്തിൽ മലർവാടി വിരിയിക്കുന്ന കാര്യമാണ് പറയുന്നത്. എന്നാൽ ഇപ്പോൾ അമേരിക്കയിൽ വരുന്നവക്ക് ഈ പ്രയാസങ്ങൾ ഒന്നുമില്ലന്നാണ്. കാരണം ഇപ്പോൾ വരുന്നവരുടെ സ്വന്തം സഹോദരങ്ങളോ, ഉറ്റവരോ ഉടയവരോ ആരെങ്കിലും അമേരിക്കയിൽ കാണം; അവക്ക് വേണ്ടതു ചെയ്യാൻ.

തങ്കമ്മ ചിന്നമ്മച്ചിയുടെ കൂടെ നിൽക്കാൻ തുടങ്ങിയിട്ട് ഇപ്പോൾ വളരെ ദിവസങ്ങളായി. ഓരോ ദിവസവും കടന്നു പോകുന്നതല്ലാതെ യാതൊരു കാര്യവും നടക്കുന്നില്ല. ആദ്യ ദിവസം നടന്ന പ്രശ്നങ്ങൾ കൂടാതെ ഓരോ ദിവസവും എന്തെങ്കിലും ഓരോ നാശ നഷ്ടങ്ങൾ ഉണ്ടാകും; അവളുടെ അറിവില്ലായ്മ കൊണ്ട്. ഓരോന്നും അവർ ചിരിച്ചു തള്ളും. അങ്ങിനെ ചിന്നമ്മച്ചിക്ക് രാത്രി ജോലി ആയി. അത് അങ്ങിനെ ഒരാഴ്ച ഉണ്ട്. ഇത് എല്ലാ മാസവും ഉണ്ടാകുന്നതാണ്. ചിന്നമ്മച്ചി ജോലിക്കു പോയ് കഴിഞ്ഞ് കിടക്കാറായപ്പോൾ, പൊന്നച്ചൻ തങ്കമ്മയുടെ അടുക്കൽ എത്തി. അവൾ എതിത്ത് നോക്കി. പക്ഷേ, ഫലിച്ചില്ല. കഴിഞ്ഞ ഇത്രയും ദിവസങ്ങൾ അവൾ ചെയ്ത നാശ നഷ്ടങ്ങളുടെ കണക്ക് അയാൾ നിരത്തി. അങ്ങിനെ സാമ, ദാന, ഭേദം വെരെ ആയപ്പോൾ അവൾ കീഴ്‌വഴങ്ങി. അല്ലാതെ വേറെ യാതൊരു മാര്‍ഗവുമില്ല.

അതു കഴിഞ്ഞപ്പോഴാണ് അവൾ, ചെറുപ്പ കാലത്ത്, അവൾ ഋതുമതിയായി ഏതാനം മാസം കഴിഞ്ഞപ്പോൾ, അവളുടെ അമ്മയുടെ ജേഷ്ഠത്തിയുടെ മകൻ കാണിച്ചതിലും വളരെ ഭേദമെന്ന് മനസിലാക്കിയത്. അവരുടെ പുരയിടത്തിന്റെ തൊട്ടടുത്ത പുരയിടമാണ് ആ പുരയിടം. എല്ലാ ദിവസവും വെളുപ്പാൻ കാലത്ത് ആ വീട്ടിലെ എല്ലാവരും അവിടെ പോയാണ് പ്രഭാത കൃത്യങ്ങൾ നടത്തിയിരുന്നത്. തന്മൂലം അവക്ക് വല്ല്യ കപ്പ കിട്ടുമായിരുന്നു. പതിവു പോലെ അന്നും വെള്ളം നിറച്ച മൊന്തയുടെ തലക്കു പിടിച്ചവൾ പോയി. കാര്യങ്ങൾ എല്ലാം കഴിഞ്ഞപ്പോൾ, മരത്തിലിരിക്കുന്ന കിളി ചാടി കുളത്തിലെ മീനിനെ കൊത്തി പോകുന്നതു പോലെ, കുഞ്ഞുമോൻ, അവളുടെ അമ്മയുടെ ജേഷ്ഠത്തിയുടെ മകൻ, ഒറ്റ ഓട്ടത്തിനു വന്നവളെ പൊക്കിയെടുത്ത്, ആ മരചീനികളുടെ ഇടയിൽ കിടത്തി കാര്യം സാധിച്ച് ഓടി മറഞ്ഞു. നാട്ടിലെ പെൺ വര്‍ഗത്തിന് പാവാടയ്ക്കടിയിൽ അന്ന് അടിവസ്ത്രം ഒന്നും ഇല്ലാതിരുന്നതു മൂലം കാര്യങ്ങൾ പെട്ടന്ന് സാധിച്ച് ഓടി പോയി. പാവാട പൊങ്ങിപോയതിനാൽ ഒന്നും അതേൽ പറ്റിയതുമില്ല. അവൾ ഇടം വലം നോക്കി. നേരം ഇരുളായതിനാൽ ആരും ഒന്നും കണ്ടില്ല. അവൾ ആരോടും ഒന്നും പറഞ്ഞുമില്ല. അതിനോടു കൂടി, അവന്റെ പുരയിടത്തിലേക്കുള്ള പോക്കു നിത്തി.

എന്നാൽ ഇത് അതുപോലെ ആയിരുന്നില്ല. പാശ്ചാത്യ രീതിയിൽ, എല്ലാം ചെയ്ത് ആദ്യം അവളെ പരിപൂര്‍ണ്ണം സന്തോഷിപ്പിച്ച ശേഷമാണ് പൊന്നച്ചൻ കാര്യങ്ങൾ ചെയ്തത്. അതു കൊണ്ട് അവൾക്ക് അയാളോട് യാതൊരു ദേഷ്യവും തോന്നിയില്ല. തന്മൂലം അയാൾക്ക് അവസരങ്ങൾ ധാരാളമായി.

ഈ സമയത്തവൾ ഇന്ത്യയിൽ വെച്ചുണ്ടായ സംഭവവും ഓത്തു. അമേരിക്കയിലേക്ക് വരാനുള്ള വിസാ കിട്ടികഴിഞ്ഞ്, ആ പണികളെല്ലാം ചെയ്തു കൊടുത്ത ചെറിയാന്റെ കൈവശമായി അവളുടെ വിസ. അയാളുടെ അടുക്കൽ നിന്ന് വിമാന ടിക്കറ്റെടുക്കണമെന്നുള്ള വ്യവസ്ഥ വെച്ച്, ജോലി രാജി വെച്ച ശേഷം അയാളുടെ അടുക്കൽ ഒരുരാത്രി പാക്കേണ്ടി വന്നു. വിമാന ടിക്കറ്റെടുക്കാൻ പണമില്ലാതിരുന്ന അവൾക്ക്, ലോണായി ടിക്കറ്റെടുത്തു കൊടുക്കാൻ അയാൾ തയാറായിരുന്നു പക്ഷേ, അന്നു രാത്രി അയാൾക്ക് കീഴ്പ്പെടാതെ മറ്റ് യാതൊരു മാര്‍ഗവുമില്ലായിരുന്നു. ഉണ്ടായിരുന്ന ജോലിയും നഷ്ടപ്പെടുത്തി പെരുവഴിയിൽ നിൽക്കുന്ന സമയം. ചെറിയാൻ, അവളെ പൂര്‍ണ്ണ നഗ്നയാക്കി, ആ രാത്രി മുഴുവൻ ഉപയോഗിച്ചു. പിറ്റേ ദിവസം അവൾ ട്രയിൻ കയറി നാട്ടിലേക്ക് പോയി. മടങ്ങി വന്നത് ഉപ്പാപ്പനേയും കൂട്ടിയായിരുന്നു. അപ്പോഴേക്കും ടിക്കറ്റ് ശരിയായി, അടുത്ത ദിവസം തന്നെ പറന്നു.

ചിന്നമ്മച്ചിയുടെ രാത്രി ജോലി കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞപ്പോൾ പൊന്നച്ചന് ഒരാഴ്ച രാത്രി ജോലി ആയി. അയാൾ വൈകിട്ട് ജോലിക്കു പോയ് കഴിഞ്ഞപ്പോൾ, രാത്രി ചിന്നമ്മച്ചി അവളെ കൂട്ടി അവരുടെ ബഡ് റൂമിന്റെ കതകടച്ചു. അമേരിക്കൻ പെണ്ണുങ്ങൾ തോറ്റു പോകുന്ന എല്ലാം, ആ ഒരാഴ്ച കൊണ്ടവളെ കാണിച്ചു പഠിപ്പിച്ചു. അത്രയും ആയ സ്ഥിതിക്ക്, അഞ്ചു വര്‍ഷം അവൾ അവരുടെ കൂടെ നിന്ന്, അമേരിക്കൻ പൗരത്വവും എടുത്ത ശേഷം കേരളത്തിൽ പോയ് തങ്കച്ചനെ വിവാഹം കഴിച്ചു മടങ്ങി വന്നു.

ആര്‍മ്മിയിൽ ജോലി ചെയ്തിരുന്ന നല്ല തടി മിടുക്കുള്ള ആളാണ് തങ്കച്ചൻ. അവൾ വിവാഹം കഴിക്കാൻ ചെന്നപ്പോഴേക്കും അവളുടെ പ്രായം മുപ്പത്തിരണ്ട് ആയി. ആ പ്രായത്തിനു പറ്റിയ ഒരു പുരുഷനെ പെട്ടന്നു കിട്ടിയത് അയാളായി. അയാളേക്കാൾ മൂന്നു വയസ് തങ്കമ്മയ്ക്കു പ്രായ കൂടുതൽ ആയിരുന്നെങ്കിലും, അമേരിക്കൻ പോക്കിനുള്ള വകുപ്പായതു കൊണ്ട് അയാൾക്ക് യാതൊരു പരാതിയും ഇല്ലായിരുന്നു.

തങ്കച്ചൻ അമേരിക്കയിൽ എത്തുന്നതിന് ഒരാഴ്ച മുമ്പവൾ എപ്പാര്‍ട്ടുമെന്റെടുത്ത് താമസം മാറ്റി. ഒരു പുതിയ കാറും വാങ്ങി. അയാൾ വന്ന് അയാൾക്ക് ജോലിയുമെല്ലാം ആയി. അവർ താമസിക്കുന്നിടത്തു നിന്ന് ഏകദേശം അര മണിക്കൂർ വണ്ടി ഓടിച്ചാൽ മാത്രമേ ജോലിക്കു പോകാൻ പറ്റുകയുള്ളു. ജോലി അല്പം കഠിനാദ്ധ്വാനം ഉള്ളതായിരുന്നു. പക്ഷേ, കൈ നിറയെ പണം കിട്ടുമായിരുന്നു. ഇഷ്ടം പോലെ ഓവർടൈമും എല്ലാം കൂടെ ധാരാളം പണം ഉണ്ടാക്കാൻ കഴിഞ്ഞു.

ഒരു ദിവസം അയാൾ ജോലി കഴിഞ്ഞ് മടങ്ങുമ്പോൾ ഒരു സായിപ്പ് കൈകാണിച്ച് ഒരു റൈഡ് യാചിച്ചു. അയാളുടെ ദയനീയ ഭാവം കണ്ടപ്പോൾ, പാവം ഒരമേരിക്കൻ ഒരു സഹായം യാചിക്കുമ്പോൾ അവരുടെ രാജ്യത്ത് വന്ന് കൈ നിറയെ പണമുണ്ടാക്കുന്ന താൻ ദൈവം പോലും ക്ഷമിക്കാത്ത നന്ദിഹീനമായ കാര്യം ചെയ്യരുതെന്നോര്‍ത്ത് വണ്ടിയേൽ പുറകിലത്തെ സീറ്റിൽ കയറ്റി. വണ്ടി ഒരല്പം ദൂരം പോയ്ക്കഴിഞ്ഞപ്പോൾ, വിജനമായ സ്ഥലത്തു വെച്ച്, അയാൾ ഒരു കൈത്തോക്കെടുത്ത് തലക്കു നേരേ ചൂണ്ടി കയ്യിലുള്ള പണം മുഴുവൻ കൊടുക്കാൻ ആവശ്യപ്പെട്ടു. പാവം തങ്കച്ചൻ, അയാളുടെ കയ്യിലുണ്ടായിരുന്ന നൂറ്റിൽ ചില്വാനം ഡോളർ കൊടുത്തു കഴിഞ്ഞപ്പോൾ അയാൾ വണ്ടിയിൽ നിന്നും ഇറങ്ങി ഓടി. അല്പം നേരത്തേക്ക് തങ്കച്ചന് ഒന്നും ചെയ്യാൻ വയ്യാത്ത വിധം നെഞ്ചിടിപ്പായി. അതു കഴിഞ്ഞ് വീട്ടിൽ പോയി. വളരെ ആലോചിച്ചു, വേണ്ടാ ഈ വിവരം തങ്കമ്മയോടെ പറയണ്ടാ എന്ന് തീരുമാനിച്ചു. എന്തായാലും ജീവൻ കിട്ടിയല്ലോ എന്നാശ്വസിച്ചു. എന്തായാലും ഇതൊരു പാഠമായി അയാൾക്ക്. ഇങ്ങിനെ എന്തെല്ലാം പഠിച്ചാൽ ഇവിടെ ജീവിക്കാമെന്നയാൾ മനസ്സിലാക്കി. എന്തായാലും ആരോടും ഇക്കാര്യം പറയണ്ടാ എന്നയാൾ തീരുമാനിച്ചെങ്കിലും, ഒരിക്കൽ വളരെ രഹസ്യമായി, അന്നച്ചിയോടയാൾക്ക് പറയേണ്ടി വന്നു.